VIII. മുഖ്യമന്ത്രിയുടെ പ്രമേയം
സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): സർ, സർക്കാരിന് അത്യാവശ്യം മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. XII-ാം കേരള നിയമസഭയുടെ 16-ാം സമ്മേളനം ഇന്ന് അവസാനിച്ച് അനിശ്ചിതകാലത്തേക്ക് പിരിയുന്നു. ഡിസംബർ 21-ന് ആരംഭിച്ച് 8 ദിവസം സമ്മേളിച്ച് 7 ബില്ലുകൾ പാസ്സാക്കിയാണ് സഭ പിരിയുന്നത്. 2010-ലെ കേരള ആരോഗ്യത്തിനും അനുബന്ധ ശാസ്ത്രങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ, 2010-ലെ കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ, 2010-ലെ കേരള മത്സ്യബന്ധനത്തിനും സമുദ്രപഠനങ്ങൾക്കുമുള്ള സർവ്വകലാശാല ബിൽ എന്നിങ്ങനെ ഒരു സമ്മേളന കാലയളവിൽ 3 സർവ്വകലാശാല ബില്ലുകൾ പാസ്സാക്കുക എന്ന ചരിത്ര സംഭവത്തിന് സഭ സാക്ഷ്യം വഹിച്ചു. 2010-ലെ കേരള സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബിൽ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി ബിൽ, 2010-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ, സെലക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെയും 2011-ലെയും കേരള പോലീസ് ബിൽ എന്നീ ബില്ലുകളും പാസ്സാക്കുകയുണ്ടായി. 2010-11 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേക്കുള്ള സപ്ലിമെന്ററി ഡിമാന്റ് സംബന്ധിച്ച ധനവിനിയോഗ ബില്ലും സഭ ചർച്ച ചെയ്ത് പാസ്സാക്കി. സമ്മേളത്തിൽ 13 ശ്രദ്ധ ക്ഷണിക്കൽ പ്രമേയങ്ങളും 98 സബ്മിഷനുകളും അവതരിപ്പിക്കുകയുണ്ടായി. ചട്ടം 300 അനുസരിച്ച് ഒരു പ്രസ്താവന സഭയിൽ അവതരിപ്പിച്ചു. ഈ സെഷൻ സാങ്കേതികമായി 2010 കലണ്ടർ വർഷങ്ങളിൽ നടന്നു. വിജയകരമായി പൂർത്തീകരിക്കുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ്, ബഹുമാനപ്പെട്ട കക്ഷി നേതാക്കൾ, ബഹുമാനപ്പെട്ട മന്ത്രിമാർ, നിയമസഭാംഗങ്ങൾ, മാദ്ധ്യമ പ്രതിനിധികൾ, നിയമസഭാ ജീവനക്കാർ, മറ്റ് ഗവൺമെന്റ് ജീവനക്കാർ എന്നിവരുടെയെല്ലാം ഭാഗത്തുനിന്നും ചെയറിനുണ്ടായ സഹകരണത്തിന് പ്രത്യേകമായ നന്ദി രേഖപ്പെടുത്തുന്നു. അതോടൊപ്പംതന്നെ എല്ലാവർക്കും നന്മ നിറഞ്ഞ പുതുവത്സരാശംസകൾ ഒരിക്കൽക്കൂടി നേർന്നുകൊണ്ട് സഭ അനിശ്ചിതകാലത്തേക്ക് പിരിഞ്ഞതായി അറിയിക്കുകയും ചെയ്യുന്നു.

(സഭ വൈകുന്നേരം 6.35ന് അനിശ്ചിത കാലത്തേയ്ക്ക് പിരിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

NO.5962/Table-1/2010/Leg. Dated,Thiruvananthapuram, 11th January,2011

In excercise of the powers conferred by sub-clause (a)of clause (2)of Article 174 of the Constitution of the India,the Governer of the State of the Twelfth Kerala Legislative Assembly with effect from January 3,2011 at the conclution of its sitting.

ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം (2)-ാം ഖണ്ഡം(എ) ഉപഖണ്ഡ പ്രകാരം നൽകപ്പെട്ട അധികാരങ്ങൽ വിനിയോഗിച്ച് കേരള സംസ്ഥാന ഗലവർണ്ണർ പന്ത്രണ്ടാം കേരള നിയമസഭയുടെ പതിനാറാമത് സമ്മേളനം 2011 ജനുവരി 3-ാം തീയതി അതിന്റെ സമ്മേളനം അവസാനിച്ചതു മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governer,

P. D. RAJAN,

Secretary,

Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly